# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന്;

തിരുവനന്തപുരം - 2015 ജൂൺ 28

## ഹയർസെക്കന്ററി പ്രവേശനം -
## അലോട്ട്മെന്റ് രണ്ടായി നിജപ്പെടുത്തിയ ഉത്തരവ് പിൻവലിക്കണം

**കെ.എസ്.ടി.എ**

ഈ വർഷത്തെ ഹയർസെക്കന്ററി പ്ലസ്വൺ പ്രവേശന നടപടികൾ രണ്ട് അലോട്ട്മെന്റുകളായി ചുരുക്കികൊണ്ടുള്ള ഉത്തരവ് പിൻവലിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി ആവശ്യപ്പെട്ടു. പ്രവേശന നടപടികൾ രണ്ടുപ്രാവശ്യമായി മാത്രം നിജപ്പെടുത്തുമ്പോൾ ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഇഷ്ടപ്പെട്ട കോഴ്സുകളും സ്കൂളുകളും ലഭിക്കാത്ത സ്ഥിതിയുണ്ടാകും. ഏറ്റവും മികച്ചതായി അംഗീകരിക്കപ്പെട്ട ഏകജാലകപ്രവേശന നടപടികളുടെ ഗുണം വിദ്യാർത്ഥികൾക്ക് ലഭിക്കാനുള്ള അവസരമാണ് നഷ്ടപ്പെടുന്നത്. മുൻസർക്കാരിന്റെ കാലത്ത് അഞ്ച്ഘട്ട അലോട്ടുമെന്റുകൾവരെ അനുവദിക്കുകയും പ്രവേശന നടപടികൾ സുതാര്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ അലോട്ട്മെന്റ് രണ്ടായി ചുരുക്കുന്നതിലൂടെ മാനേജ്മെന്റുകൾക്ക് സൗകര്യം പോലെ കുട്ടികളെ പ്രവേശിപ്പിക്കാനും അതുവഴി വലിയ അഴിമതി നടത്താനുമുള്ള അവസരമാണ് ഉണ്ടാവുക. അലോട്ട്മെന്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കയകറ്റി പ്രവേശന നടപടികൾ സുതാര്യമാക്കണമെന്ന് ജനറൽസെക്രട്ടറി കെ.സി.ഹരികൃഷ്ണൻ പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

**കെ സി ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി